# Malayala Manorama

# 13 August 2018

# Kothamangalam: Heavy rain, Water increases



വെള്ളപ്പൊക്ക ദുരിത ബാധിതർക്കു കുട്ടമ്പുഴ സർവീസ് സഹകരണ ബാങ്ക് നൽകിയ അരിയുടെ വിതരണത്തിനു പോയി വനമേഖലയിൽ കുടുങ്ങിയ ആന്റണി ജോൺ എംഎൽഎ മണികണ്ഠൻചാൽ ചപ്പാത്തിലൂടെ നടന്നു മറുകരകടക്കുന്നു.

## ജലമുയർന്നു: എംഎൽഎ അടക്കം ചപ്പാത്തിൽ കുടുങ്ങി

കോതമംഗലം • മണികണ്ഠൻ ചാൽ വനമേഖലയിലെ കുടുംബങ്ങൾക്കുള്ള സഹായ വിതരണത്തിനു പോയ ആന്റണി ജോൺ എംഎൽഎയും മാധ്യമ പ്രവർത്തകരും ചപ്പാത്തിൽ വെള്ളം കയറിയതിനെത്തുടർന്നു കടവിൽ കുടുങ്ങി.

ചപ്പാത്തിലെ വെള്ളം ഇറങ്ങാൻ ഒരു മണിക്കൂറോളം കാത്തുനിന്ന എംഎൽഎ പിന്നീടു വെള്ളം കുത്തിയൊഴുകിയിരുന്ന ചപ്പാത്തിലൂടെ നടന്നാണു മറുകര കടന്നത്.

അടിക്കടി മുങ്ങുന്ന ചപ്പാത്തിലൂടെ ഇന്നലെ രാവിലെ ഒൻപതരയോടെ ജീപ്പിലാണ് എംഎൽഎയും സംഘവും കടന്നു പോയത്. അരിവിതരണം കഴിഞ്ഞു പത്തരയോടെ കടവിൽ മടങ്ങിയെത്തിയപ്പോഴാണു ചപ്പാത്തിൽ വെള്ളം കയറി ഗതാഗതം സ്തംഭിച്ചത് അറിയുന്നത്.

കുറെ സമയം കടവിൽ കാത്തുനിന്നെങ്കിലും പിന്നീടു പുഴയിലെ ഒഴുക്കിനെ അതിജീവിച്ച് എംഎൽഎ നാട്ടുകാരോടൊപ്പം ചപ്പാത്തിലൂടെ നടന്നു മറുകര കടക്കുകയായിരുന്നു.

അരിവിതരണം നടത്തിയ കുട്ടമ്പുഴ സർവീസ് സഹകരണ ബാങ്കിന്റെ ഭരണസമിതി അംഗങ്ങൾ പിന്നീടു വഞ്ചിയിൽ കയറിയാണു പൂയംകുട്ടിയിൽ എത്തിയത്. മൂന്നൂറു കുടുംബങ്ങൾക്കാണ് 10 കിലോഗ്രാം അരിവീതം ബാങ്ക് വിതരണം നടത്തിയത്.

പ്രസിഡന്റ് കെ.കെ. ശിവൻ അധ്യക്ഷനായി.